## പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1016** **05.03.2020-ൽ** മറുപടിക്ക്

### ശ്രീകണ്ഠാപുരം ടൗൺ നവീകരണ പ്രവൃത്തികൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ. കെ.സി.ജോസഫ്** | **ശ്രീ. ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) 2016 മാർച്ചിൽ തത്വത്തിൽ ഭരണാനുമതി നൽകിയ ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ശ്രീകണ്ഠാപുരം ടൗൺ നവീകരണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;<br>(ബി) ഇതിലേക്കായി മൂന്ന് കോടി രൂപ അനുവദിക്കാനുള്ള നിർദ്ദേശത്തിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ? | (എ) യും (ബി) യും: 03.03.2016-ലെ സ.ഉ(സാധാ) നം.544/2016/പൊ.മ.വ പ്രകാരം 3 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതി നൽകുകയും ടെണ്ടർ ചെയ്യുന്നതിന് മുമ്പ് സർക്കാരിന്റെ അനുമതി നേടണമെന്ന് ഉത്തരവാകുകയും ചെയ്ത ഇരിക്കൂർ നിയോജകമണ്ഡലത്തിലെ 'ശ്രീകണ്ഠാപുരം നഗരത്തിലെ റോഡ് അഭിവൃദ്ധിപ്പെടുത്തൽ' എന്ന പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് ചീഫ് എഞ്ചിനീയർ സമർപ്പിച്ച പ്രൊപ്പോസൽ ധനകാര്യ അനുമതി ഇല്ലാത്തതിനാൽ പരിഗണിക്കേണ്ടതില്ല എന്ന് തീരുമാനിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ